Draft #2 of File 34224/AC A9/3/2019/VC SECTION Approved by ASSISTANT REGISTRAR III (ACADEMIC) on 10-Jun-2020 10:42 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

യു ജി പരീക്ഷകളുടെ ചോദ്യപേപ്പർ മലയാളത്തിൽ തയാറാക്കുന്നത് സംബന്ധിച്ച് 2020 മെയ് 26 -)0 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ തീരുമാനത്തിന്മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 2495/AC A 9/2020/എം.ജി.യു　　　　　പ്രിയദർശിനി ഹിൽസ്,തീയതി: 11.06.2020

---

*പരാമർശം:*-1.ശ്രീ .ലിബിൻ ലാലുവിൻറെ അപേക്ഷ

2 .19 .02 .2020 തീയതിയിലെ വൈസ് ചാൻസലറുടെ ഉത്തരവ്

3 .2020 മെയ് 26 -)0 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നമ്പർ 83 / 20.02 / 34224 /Ac A 9 / 3 /SYND / 2020

**ഉത്തരവ്**

ഭാഷ ഒഴികെയുള്ള വിഷയങ്ങൾക്ക് യു ജി തലത്തിൽ മലയാളത്തിൽ ചോദ്യപേപ്പർ തയാറാക്കി നൽകുന്നതിനായി അഭ്യർത്ഥിച്ചു കൊണ്ട് , ബി എ ഹിസ്റ്ററി പ്രൈവറ്റ് വിദ്യാർത്ഥിയായ ശ്രീ ലിബിൻ ലാലു യൂണിവേഴ്സിറ്റിയിൽ അപേക്ഷ നൽകിയിരുന്നു. 'ഭരണ ഭാഷ മാതൃഭാഷയായിരിക്കണം' എന്ന കർശന നിർദേശം നൽകി സർക്കാർ വിവിധ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതിന്റെ തുടർച്ചയായി ചോദ്യപേപ്പറുകൾ മലയാളത്തിൽക്കൂടി തയാറാക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത വിഷയം പരാമർശം (1) പ്രകാരം 19.02.2020 തീയതിയിലെ വൈസ് ചാൻസലറുടെ ഉത്തരവിന്മേൽ സിണ്ടിക്കേറ്റിന്റെ പരിഗണനക്കായി സമർപ്പിച്ചു. പരാമർശം (3) പ്രകാരം 2020 മെയ് 26 -)0 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം , ഭാഷ ഒഴികെയുള്ള വിഷയങ്ങൾക്ക് യു ജി തലത്തിൽ മലയാളത്തിൽ ചോദ്യപേപ്പർ തയാറാക്കുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ സമർപ്പിക്കുന്നതിന് പ്രൊഫ .ടോമിച്ചൻ ജോസഫ് , ഡോ .അജി സി പണിക്കർ ഡോ . എം എസ് മുരളി എന്നിവരെ ചുമതലപ്പെടുത്തുന്നതിനു തീരുമാനിച്ചു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 .വി സി / പി വി സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

2 .രജിസ്ട്രാർ, പരീക്ഷാകൺട്രോളർ എന്നിവരുടെ പി എ മാർ

3 .ശ്രീ ലിബിൻ ലാലു ,അപേക്ഷകൻ

4 .ജെ ആർ /ഡി ആർ / എ ആർ(അക്കാദമിക് )

5.ജെ ആർl /ഡി ആർ /എ ആർ (പരീക്ഷാവിഭാഗം )

6.CAP CELL/റെക്കോർഡ്സ് സെക്ഷൻ

7.Content Management (വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്താൻ )

8.കരുതൽ ഫയൽ/ ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 34224/AC A9/3/2019/VC SECTION Approved by ASSISTANT REGISTRAR III (ACADEMIC) on 10-Jun-2020 10:42 AM - Page 2